# ജമാഅത്തെ ഇസ്‌ലാമി
# സാംസ്‌കാരിക കേരളത്തെ വിഴുങ്ങുന്നുവോ?

■ *ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ പോഷക ഘടകങ്ങളും മീഡിയയും മറ്റു അനുബന്ധ സംവിധാനങ്ങളും എല്ലാം കൂടി സാംസ്‌കാരിക കേരളത്തെയും (അല്ല, എല്ലാ പൊതു ഇടങ്ങളെയും!) സാമൂഹിക, രാഷ്ട്രീയ നേതാക്കളെയും ബുദ്ധിജീവികളെയും മറ്റു സാമൂഹിക സംവിധാനങ്ങളെയും എല്ലാം വിഴുങ്ങിക്കളയുമെന്നും ബന്ധപ്പെട്ട സാംസ്‌കാരിക പ്രവർത്തകരും ബുദ്ധിജീവികളും നേതാക്കളും അടിയന്തര ജാഗ്രത കൈക്കൊള്ളണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഹമീദ് ചേന്ദമംഗല്ലൂർ ടിയാന്റെ സ്ഥിരം തട്ടകത്തിൽ നീണ്ട ലേഖനമെഴുതിയിരിക്കുന്നു (മാതൃഭൂമി വാരിക മെയ് 16, 'പൊതു സമ്മതികളിലെ ചതിക്കുഴികൾ'). മൂന്നര കോടി ജനതയെയും അവരുടെ നേതാക്കളെയും അപ്പാടെ വലയിലാക്കാൻ സാധ്യമാകുന്ന ഇത്ര വലിയ 'വലകണ്ണികൾ' ജമാഅത്തും സഹസംവിധാനങ്ങളും കേരളത്തിൽ വിരിച്ചിട്ടുണ്ടോ?*

***പാക്കത്ത് മുഹമ്മദ് അലനല്ലൂർ***

**ക**ൽക്കത്ത വാരികയായിരുന്ന *സൺഡേ*യിൽ വന്ന ലേഖനം മോഷ്ടിച്ചുകൊണ്ട് ലേഖകൻ നാല് പതിറ്റാണ്ടായി *മാതൃഭൂമി* ആഴ്ചപ്പതിപ്പിലൂടെ ജമാഅത്തെ ഇസ്‌ലാമിക്കെതിരെ ആരംഭിച്ച കുരിശുയുദ്ധം ഇരുപത്തൊന്നാം നൂറ്റാണ്ടിലും പൂർവാധികം അസ്വസ്ഥനായും ആക്രമണോത്സുകനായും തുടരേണ്ടിവന്നതു തന്നെ, ഈ 'ഇന്റലക്ചൽ ജിഹാദി'ൽ നേരിട്ട ദയനീയ പരാജയത്തെ വിളംബരം ചെയ്യുന്നു. തായാട്ട് ശങ്കരന്റെ ബൗദ്ധിക ശിഷ്യനായി മതേതരത്വത്തിനും മാർക്സിസത്തിനും വേണ്ടിയെന്ന വ്യാജേന രംഗത്തിറങ്ങിയ ഹമീദ് അനുസ്യൂതം തുടരുന്ന അപവാദ വ്യവസായം, തനിക്ക് നഷ്ടപ്പെടുത്തിയത് മാർക്സിസത്തിന്റെ ഭൂമിക തന്നെയാണ്. സി.പി.എം ബുദ്ധിജീവി ചമഞ്ഞ് *ദേശാഭിമാനി*യിലൂടെ ജമാഅത്തെ ഇസ്‌ലാമിക്കെതിരെ ഉതിർത്ത ഉണ്ടകൾ ഒടുവിൽ ബൂമറാങ് പോലെ സ്വന്തം നെഞ്ചത്ത് വന്നു പതിച്ചു. സാമ്രാജ്യത്വത്തിനും ഫാഷിസത്തിനുമെതിരായ പോരാട്ടത്തിൽ ജമാഅത്തെ ഇസ്‌ലാമിയോട് അയിത്തം കൽപിക്കേണ്ട കാര്യമില്ലെന്ന് സി.പി.എം തിരിച്ചറിഞ്ഞപ്പോൾ ഹമീദ് കളരിക്ക് പുറത്ത്! തന്റെ നിന്ദ്യവും യുക്തിശൂന്യവുമായ ജമാഅത്ത് വിരോധത്തിന് കൂട്ടാവാൻ സാക്ഷാൽ ഭൗതികവാദികളും സെക്യുലരിസ്റ്റുകളും പോലും സന്നദ്ധരായില്ല. ആകപ്പാടെ ഈ അവിശുദ്ധ യുദ്ധത്തിൽ പങ്കാളികളായത് തുടക്കം മുതൽ ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ ഒളി അജണ്ടകളുള്ള *മാതൃഭൂമി*യും ആ പത്രത്തിന്റെ ഏതാനും വളർത്തു പുത്രന്മാരുമാണ്. സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖി തങ്ങളും കെ.എം സീതി സാഹിബും സി.എച്ച് മുഹമ്മദ് കോയയും മുസ്‌ലിം ലീഗിനെ നയിച്ച കാലത്ത് അതിൽ വർഗീയത കണ്ടെത്തി ലീഗിനെതിരെ പോരാട്ടത്തിലേർപ്പെട്ട *മാതൃഭൂമി* മാറിയ പരിതസ്ഥിതിയിൽ നിലപാട് മാറ്റിയതിന്റെ പിന്നിലെ ചേതോവി

കാരം കണ്ടെത്താൻ ബുദ്ധിമുട്ടേണ്ടതില്ല. *മാതൃഭൂമി* പ്രതിനിധാനം ചെയ്യുന്ന ദേശീയത എക്കാലത്തും മുസ്‌ലിം ന്യൂനപക്ഷത്തെ മനസാ ഉൾക്കൊള്ളാൻ വിസമ്മതിക്കുന്നതായിരുന്നു. മലപ്പുറം ജില്ലാ രൂപവത്കരണത്തിലും അങ്ങാടിപ്പുറം ക്ഷേത്ര സമരത്തിലും കാലിക്കറ്റ് യൂനിവേഴ്സിറ്റി സംസ്ഥാപനത്തിലുമെല്ലാം അത് പ്രകടമായി. ഇന്നും ആ പത്രത്തിന്റെ ജീവനക്കാരിൽ എത്ര ശതമാനം മുസ്‌ലിംകളുണ്ടെന്ന അന്വേഷണം *മാതൃഭൂമി*യുടെ ഹിന്ദുത്വ പശ്ചാത്തലത്തിലേക്ക് അസന്ദിഗ്ധമായി വിരൽ ചൂണ്ടുന്നതാണ്. ഇസ്‌ലാമിനെതിരായ കടന്നാക്രമണത്തിന് ഹമീദുമാരെ നിർലോഭം ഉപയോഗിക്കുന്ന *മാതൃഭൂമി* ഹിന്ദുത്വത്തിന്റെ നേരെ ശക്തമായി പ്രതികരിക്കുന്ന ബുദ്ധിജീവികളെ പടിക്ക് പുറത്ത് നിർത്തിയത് യാദൃശ്ചികമല്ല.

കേരളത്തിന്റെ പൊതുഇടവും സാമൂഹിക രംഗവും ആർക്കു വേണ്ടിയും സംവരണം ചെയ്തു വെച്ചിട്ടില്ല. നാസ്തികർക്കും മതനിരാസികൾക്കും അരാജകത്വവാദികൾക്കും മാത്രമേ സാമൂഹിക, സാംസ്കാരിക, ദേശീയ, സാർവദേശീയ പ്രശ്നങ്ങളിൽ ഇടപെടാൻ പാടുള്ളൂ എന്ന ബ്രാഹ്മണ്യവും ജനാധിപത്യയുഗത്തിൽ നടപ്പാക്കാൻ നോക്കരുത്. മതധാർമിക നൈതിക ഭൂമികയിൽ നിലയുറപ്പിച്ചുകൊണ്ടുതന്നെ ജമാഅത്തെ ഇസ്‌ലാമി, സോളിഡാരിറ്റി മുതൽ പ്രസ്ഥാനങ്ങൾക്ക് പൊതു പ്രശ്നങ്ങളിൽ ഇടപെടാനും അഭിപ്രായം പറയാനും അവകാശമുണ്ടെന്ന് മാത്രമല്ല, സംഹരിക്കുന്നവരേക്കാൾ നിർമിക്കുന്നവർക്കാണ് ധാർമികമായി അതിനുള്ള അവകാശം. ജീവൽ പ്രശ്നങ്ങൾ ഇത്രയും കാലം കൈയാളി കുളമാക്കിയവരാണല്ലോ, രാജ്യത്തെ ഇടതു-വലത് ഭൗതിക ശക്തികൾ. ഇനി മനുഷ്യ സ്നേഹികൾക്കും ഒരവസരം നൽകിയാൽ ആകാശം ഇടിഞ്ഞുവീഴാൻ പോകുന്നില്ല.

ഇതൊക്കെ നന്നായി തിരിച്ചറിഞ്ഞ സാംസ്കാരിക പ്രവർത്തകർ ഇന്ന് ഭാഗ്യവശാൽ കേരളീയ സമൂഹത്തിൽ വേണ്ടത്രയുണ്ട്. അവർ പല വിഷയങ്ങളിലും ജമാഅത്തെ ഇസ്‌ലാമിയോടും സോളിഡാരിറ്റിയോടും വിയോജിച്ചുകൊണ്ടുതന്നെ പ്രസ്ഥാനത്തിന്റെ സാമൂഹിക ഇടപെടലുകളോടും സാമ്രാജ്യത്വ വിരുദ്ധ സമീപനങ്ങളോടും ജനസേവന പ്രവർത്തനങ്ങളോടും സഹകരിക്കുന്നു. ഹമീദ് എത്ര കരഞ്ഞു പറഞ്ഞാലും അവരുടെ മനസ്സ് മാറില്ല. കാരണം, വിവേചനബുദ്ധിയും ഇച്ഛാസ്വാതന്ത്ര്യവുമുള്ളവരാണവർ. താനൊഴിച്ച് മറ്റുള്ളവരെല്ലാം ജമാഅത്തിന്റെ വലയിൽ വീണവരാണെന്ന വിലാപം ലേഖകന്റെ സഹതാപാർഹമായ മാനസിക നിലയെ അനാവരണംചെയ്യുന്നു.

1987 ജൂണിൽ *മാധ്യമം* പത്രം പ്രസിദ്ധീകരണമാരംഭിച്ചതിന്റെ മൂന്നാം നാൾ അത് കടലാസിൽ പൊതിഞ്ഞ മത്സ്യമാണെന്ന് *ദേശാഭിമാനി*യിൽ എഴുതിപ്പിടിപ്പിച്ചയാളാണ് നമ്മുടെ മതേതര നാട്യക്കാരൻ. മീൻ ചീയുമ്പോൾ ആളുകൾ വിവരമറിയും എന്നാശ്വസിച്ച ലേഖകൻ പി.കെ ബാലകൃഷ്ണൻ വെറും സ്ഥാനീയ പത്രാധിപരാണെന്നും മാലോകരെ അറിയിച്ചിരുന്നു. ബാലകൃഷ്ണൻ അന്ത്യം വരെ മൂർച്ചയേറിയ തന്റെ ശൈലിയിൽ സാമൂഹിക വിമർശനം കൊണ്ട് *മാധ്യമ*ത്തെ വേറിട്ടൊരു വായനാനുഭവമാക്കി. മതനിരപേക്ഷതയുടെ പ്രതീകമായിരുന്ന കെ.എ കൊടുങ്ങല്ലൂരായിരുന്നു അദ്ദേഹത്തിന്റെ ജീവിതാന്ത്യം വരെ വാരാദ്യമാധ്യമത്തിന്റെ സാരഥി. ഇന്നും കർമനിരതനായി ജീവിച്ചിരിക്കുന്ന അനുഗ്രഹീത തൂലികാകാരൻ സി. രാധാകൃഷ്ണൻ *മാധ്യമം* ആഴ്ചപ്പതിപ്പിന്റെയും തുടർന്ന് ദിനപത്രത്തിന്റെയും എഡിറ്ററായി. *മാതൃഭൂമി* ആഴ്ചപ്പതിന്റെ എഡിറ്ററായ കമൽറാം സജീവും *മാധ്യമം* ആഴ്ചപ്പതിപ്പിലൂടെ വളർന്നവനാണ്. തുടക്കം മുതൽ *മാധ്യമ*ത്തിന്റെ സ്ഥിരം കോളമിസ്റ്റാണ് ഇന്ത്യയിലെ ഏറ്റവും തലമുതിർന്ന പത്രപ്രവർത്തകൻ കുൽദീപ് നയാർ. *മാധ്യമ*ത്തിന്റെ ജമാഅത്ത് പശ്ചാത്തലമാകട്ടെ അദ്ദേഹത്തിന് അസ്സലായി അറിയാം. എം. റഷീദും ഒ.വി ഉഷയും ഡി. ബാബു പോളും വിജു വി. നായരുമെല്ലാമുണ്ട് *മാധ്യമ*ത്തിന്റെ കെണിയിൽ വീണവർ. *മാധ്യമം* ആഴ്ചപ്പതിപ്പിലും വാർഷികപ്പതിപ്പുകളിലും എഴുതാത്തവരായി തലയെടുപ്പുള്ള സാഹിത്യകാരന്മാരിൽ അപൂർവമേയുള്ളൂ. ഇവരെയെല്ലാം തെറ്റിദ്ധരിപ്പിക്കാൻ ഹമീദടക്കമുള്ളവർ നിരന്തരം ശ്രമിച്ചിട്ടും പരിഹാസ്യമായി പരാജയപ്പെട്ടതിന്റെ ഒടുവിലത്തെ സാക്ഷ്യമാണ് *മാതൃഭൂമി* ആഴ്ചപ്പതിപ്പിലെ പന്ത്രണ്ട് പുറം നീണ്ട 'ചതിക്കുഴികൾ'. ഇനി ഒരേയൊരു രക്ഷാമാർഗമേയുള്ളൂ. കൃഷ്ണക്കുറുപ്പിന്റെ മാർഗം. കേശവദേവിന്റെ 'ത്യാഗിയായ ദ്രോഹി'യിലെ മുഖ്യ കഥാപാത്രമായ കൃഷ്ണക്കുറുപ്പ് അയൽക്കാരനെതിരെ കൊടുത്ത മുഴുവൻ കേസുകളിലും തോറ്റപ്പോൾ നിരാശനായി ഒടുവിൽ അയൽക്കാരന്റെ മുറ്റത്തെ മരക്കൊമ്പിൽ രാത്രി കെട്ടിത്തൂങ്ങാൻ തീരുമാനിക്കുകയാണ്, മുഖ്യ ശത്രുവായ അയൽക്കാരൻ തന്നെ തല്ലിക്കൊന്ന് തൂക്കിയതാണെന്നാരോപിച്ചു പോലീസ് അയാൾക്കെതിരെ കേസ് ചാർജ്ചെയ്യാൻ!

## ഇസ്‌ലാമിക സാമ്രാജ്യം!

■ *മൗദൂദിയും ഖുത്വ്ബും മറ്റെല്ലാ ഇസ്‌ലാമിസ്റ്റുകളും വിഭാവനം ചെയ്യുന്നത് ഇസ്‌ലാമിന്റെ വിശ്വാധിപത്യമാണ്. എന്നുവെച്ചാൽ ഇസ്‌ലാമിന്റെ രാഷ്ട്രീയവും സാംസ്കാരികവും സൈനികവും സാംസ്കാരികവുമായ അദൃശ്യ മേധാവിത്വം ലോകത്തുടനീളം നിലനിൽക്കുന്ന അവസ്ഥ. അമേരിക്കയുടെ നേതൃത്വത്തിൽ ഇപ്പോൾ നിലവിലുള്ള സാമ്രാജ്യത്വം ക്രൈസ്തവ സാമ്രാജ്യത്വമാണെന്ന് അവർ കരുതുകയും ചെയ്യുന്നു. സയണിസ്റ്റ് ലോബിയുടെ കൂടി പിന്തുണയോടെ നിലനിൽക്കുന്ന ക്രൈസ്തവ സാമ്രാജ്യത്വത്തിന്റെ സ്ഥാനത്ത് ഇസ്‌ലാമിസ്റ്റ് സാമ്രാജ്യത്വം നിലവിൽ വരുത്തണമെന്നല്ലാതെ സാമ്രാജ്യത്വം തകർക്കപ്പെടണമെന്ന നിലപാട് ലോകത്തെ ഇസ്‌ലാമികവത്കരിക്കുക എന്ന അജണ്ടയുമായി ഇറങ്ങിപ്പുറപ്പെട്ട ജമാഅത്തെ ഇസ്‌ലാമിക്കോ ഇതര ഇസ്‌ലാമിസ്റ്റ് സംഘടനക്കോ ഇല്ല. നിലവിൽ സാമ്രാജ്യത്വത്തിന്റെ മതം ക്രൈസ്തവമാണെന്നും അത് മാറി സാമ്രാജ്യത്വത്തിന്റെ മതം ഇസ്‌ലാമികമാവണമെന്നും അവ ആഗ്രഹിക്കുന്നു. ഈജിപ്തിലെ ഇസ്‌ലാമിസ്റ്റ് ചിന്തകനായിരുന്ന സയ്യിദ് ഖുത്വ്ബിന്റെ ആശയങ്ങളാൽ ഗാഢമായി സ്വാധീനിക്കപ്പെട്ട അൽഖാഇദയുടെ അമരക്കാരൻ ആഗോള ഖിലാഫത്തിനെക്കുറിച്ച് നിരന്തരം സംസാരിക്കുന്നത് ഇതോട് ചേർത്തു വായിക്കേണ്ടതാണ്. 'പൊതു സമ്മതികളിലെ ചതിക്കുഴികൾ' എന്ന ഹമീദ് ചേന്ദമംഗല്ലൂരിന്റെ സുദീർഘമായ ലേഖനത്തിൽനിന്ന് (മാതൃഭൂമി ആഴ്ചപ്പതിപ്പ് 2010 മെയ് 16). മുജീബിന്റെ പ്രതികരണം?*

***എ.പി മുഹമ്മദ് കോയ ശാന്തപുരം***

**ഒ**രു ദർശനത്തിന്റെയോ പ്രത്യയശാസ്ത്രത്തിന്റെയോ അടിസ്ഥാനത്തിൽ ലോക സാമൂഹിക വ്യവസ്ഥയെ നിർമിക്കാനോ പുനർനിർമിക്കാനോ ഉള്ള യത്നങ്ങളെ സാമ്രാജ്യത്വമായി ചിത്രീകരിക്കുന്നത് മിതമായി പറഞ്ഞാൽ ശുദ്ധ വിവരക്കേടാണ്. അങ്ങനെയെങ്കിൽ, ലോകത്ത് ആദർശപരിവർത്തനമോ വ്യവസ്ഥിതിയുടെ പുനഃസംവിധാനമോ ഒന്നും സാധ്യമല്ലാതെ വരും. സാമ്രാജ്യത്വമെന്നാൽ ഒരു ഭരണാധികാരിയുടെയോ രാജ്യത്തിന്റെയോ അധികാര സീമകളെ ബലപ്രയോഗത്തിലൂടെ ഇതര രാജ്യങ്ങളുടെയോ സാമൂഹങ്ങളുടെയോ മേൽ അടിച്ചേൽപിക്കാനുള്ള ത്വരയാണ്. അലക്സാണ്ടറും നെപ്പോളിയനും ഹിറ്റ്ലറും മുസോളിനിയുമൊക്കെ ആദർശപരമായ അടിത്തറയിൽ സമാധാനപരമായ പരിവർത്തനത്തിനു വേണ്ടി ശ്രമിച്ചവരല്ല, സ്വന്തം താൽപര്യങ്ങൾക്കു വേണ്ടി ജനസമൂഹങ്ങളെയും നാടുകളെയും വെട്ടിപ്പിടിച്ചവരാണ്. അതിനാലാണ് സാമ്രാജ്യാധിപതികളായിട്ട് അവർ ചരിത്രത്തിൽ അറിയപ്പെടുന്നത്. മറിച്ച്, രക്തരൂഷിത വിപ്ലവത്തിലൂടെയാണെങ്കിലും പ്രത്യയശാസ്ത്രപരമായ മാനങ്ങളുള്ളതുകൊണ്ട് വി.ഐ ലെനിൻ നേതൃത്വം നൽകിയ റഷ്യൻ കമ്യൂണിസ്റ്റ് വിപ്ലവവും തുടർന്ന് നടന്ന സോവിയറ്റ് യൂനിയന്റെ രൂപവത്കരണവും സാമ്രാജ്യത്വമായി ചരിത്രത്തിൽ കണക്കാക്കപ്പെടുന്നില്ല. സോവിയറ്റ് സാമ്രാജ്യത്വമായി പിന്നീടത് മാറുന്നത് കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെയും അഫ്ഗാനിസ്താനിലെയും സൈനികാധിനിവേശത്തോടെയാണ്.

ഹസനുൽ ബന്നായും സയ്യിദ് ഖുത്വ്ബും സയ്യിദ് അബുൽ അഅ്ലാ മൗദൂദിയുമെല്ലാം മനുഷ്യനിർമിത ദർശനങ്ങൾക്ക് പകരം ദൈവിക സന്മാർഗമായ ഇസ്‌ലാമിനെ സമ്പൂർണ ജീവിതവ്യവസ്ഥയായി അവതരിപ്പിച്ചവരാണ്. അവരാരും ബലപ്രയോഗം ഉദ്ഘോഷിക്കുകയോ രക്തരൂഷിത വിപ്ലവത്തെപ്പറ്റി സംസാരിക്കുകയോ വ്യക്തിപരമായ അധികാരലബ്ധി ലക്ഷ്യമാക്കുകയോ ഒന്നും ചെയ്തവരല്ല. മുസ്‌ലിം സാമുദായിക രാഷ്ട്രീയത്തിലൂടെ മുസ്‌ലിം രാജ്യങ്ങളുടെ ഏകീകരണവും അവരുടെ അജണ്ടയിലില്ലായിരുന്നു. തികച്ചും ആദർശ പ്രബോധനത്തിലൂടെ വ്യക്തിയുടെയും തദ്വാര സമൂഹത്തിന്റെയും അതുവഴി രാജ്യങ്ങളുടെയും പരിവർത്തനത്തെക്കുറിച്ചാണ് അവർ എഴുതിയതും പഠിപ്പിച്ചതും. ഇത് ഒരർഥത്തിലും സാമ്രാജ്യത്വമല്ല. ഇസ്‌ലാം സാമ്രാജ്യത്വ സംസ്ഥാപനത്തിന്റെ ഉപാധിയുമല്ല. ഇസ്‌ലാമിക ഖിലാഫത്ത് എന്നാൽ പ്രവാചക മാതൃകയിലുള്ള ഇസ്‌ലാമിക സ്റ്റേറ്റാണ്; അത് ആദർശാധിഷ്ഠിതവുമാണ്. ഉസാമാ ബിൻലാദിൻ സയ്യിദ് ഖുത്വ്ബിന്റെ ചിന്താധാരയെ പിൻപറ്റുന്നയാളല്ല. സയ്യിദ് ഖുത്വ്ബ് തന്നെയും ഹസനുൽ ബന്നാ സ്ഥാപിച്ച ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ പ്രവർത്തകനും വക്താവും ആയിരുന്നു. ഉസാമ പിന്തുടരുന്ന സായുധ സമരത്തിന്റെ മാർഗം തികച്ചും വ്യക്തിനിഷ്ഠമാണ്. അത് ഇസ്‌ലാമിക പ്രസ്ഥാനങ്ങളിലൊന്നിനെയും പ്രതിനിധീകരിക്കുന്നില്ല. ഇതൊക്കെ സയ്യിദ് ഖുത്വ്ബിന്റെയും മൗദൂദിയുടെയും കൃതികൾ മുൻവിധിയില്ലാതെ പരിശോധിച്ചാൽ സ്പഷ്ടമാവുന്ന വസ്തുതകളാണ്.

## ബൈബിളും യോഹന്നാനും

■ *കെ.പി യോഹന്നാന്റെ ഉടമസ്ഥതയിലുള്ള ആലപ്പുഴ ഗുരുപുരം ബിലിവേഴ്സ് ചർച്ച് ഇംഗ്ലീഷ് സ്കൂളിൽ മഫ്ത ധരിച്ചതിന്റെ പേരിൽ മുസ്‌ലിം പെൺകുട്ടിയെ ടി.സി കൊടുത്ത് പറഞ്ഞയച്ച സംഭവം മാധ്യമങ്ങളിൽ വായിച്ചു.*

*'സ്ത്രീ മൂടുപടമിടുന്നില്ലെങ്കിൽ മുടി കത്രിച്ചുകളയട്ടെ. കത്രിക്കുന്നതോ ക്ഷൗരം ചെയ്യിക്കുന്നതോ സ്ത്രീക്ക് ലജ്ജയെങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ'- ഒന്നാം കൊരൃന്ത്യർ 11-6*

*ഈ ബൈബിൾ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ മദർ തെരേസയും വാഴ്ത്തപ്പെട്ട അൽഫോൻസ അമ്മയും മൂടുപടം ധരിച്ചിരുന്നു. മറ്റു കന്യാസ്ത്രീകളും ധരിക്കുന്നു. എന്നാൽ ക്രിസ്തീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യയനം നടത്തുന്നവർ മഫ്ത ധരിക്കുന്ന മുസ്‌ലിം പെൺകുട്ടികളെ അത് വിലക്കുന്നത് എന്തുകൊണ്ടാണ്? ക്രൈസ്തവ സ്ത്രീകളും മൂടുപടം ധരിക്കേണ്ടതല്ലേ?*

***കെ. ഉമർ കുട്ടി അടിമാലി***

**കെ.**പി യോഹന്നാനും മറ്റു സുവിശേഷ പ്രസംഗകരും ബൈബിൾ സുലഭമായി ഉദ്ധരിച്ച് വിശ്വാസികളെ ഉത്തേജിതരാക്കുമെങ്കിലും യേശുവിന്റെ അധ്യാപനങ്ങളെ അതർഹിക്കുന്ന ഗൗരവത്തോടെ ജീവിതത്തിൽ പകർത്തണമെന്ന് നിർബന്ധമുള്ളവരല്ല. യേശു മതോപദേശത്തിലൂടെ കോടികളുടെ സാമ്രാജ്യം കെട്ടിപ്പടുത്ത പുണ്യാത്മാവുമല്ല. മൂടുപടത്തെക്കുറിച്ച ക്രൈസ്തവ വീക്ഷണമെന്തായാലും, മതസ്വാതന്ത്ര്യം പുലരുന്ന ഇന്ത്യയിൽ ഏതു മതക്കാരെയും മിനിമം മതനിഷ്ഠ പുലർത്താൻ അനുവദിക്കുന്നതാണ് ശരി. അത്രയെങ്കിലും സഹിഷ്ണുതയും വിട്ടുവീഴ്ചയും അവർ കാണിക്കണം.

## സെക്യുലരിസവും സാമ്രാജ്യത്വവും സലഫി കാഴ്ചപ്പാടിൽ

■ *"ഇന്നത്തെ പ്രവാചകനിന്ദയുടെ അപ്പോസ്തലന്മാർക്ക് മൂന്നു മുഖങ്ങളുണ്ട്. മൂന്നും ഭീകരമെങ്കിലും മീഡിയ അവയെ പൗഡറിട്ട് ജനസാമാന്യത്തിനു മുന്നിൽ അവതരിപ്പിച്ച് മിനുക്കിയെടുക്കുന്നു. ഒന്ന് സെക്യുലരിസത്തിന്റെ മുഖമാണ്. മതവും ആത്മീയതയും ആരാധനാലയങ്ങൾക്കകത്തു മതിയെന്നും ജീവിതത്തിന്റെ അർഥം നിർണയിക്കുന്ന രംഗങ്ങളിലേക്കൊന്നും അത് കടന്നുകയററുതെന്നുമുള്ള സെക്യുലരിസ്റ്റ് വീക്ഷണത്തോട് ജീവിതത്തിന്റെ എല്ലാ മേഖലകളെയും ദൈവികബോധന പ്രകാരം പരിവർത്തിപ്പിക്കുകയാണ് മതമെന്ന ഇസ്‌ലാമിക സങ്കൽപം ഒരു തരത്തിലും രാജിയാവുന്നില്ല. രണ്ടാമത്തെ മുഖം ആഗോളവത്കരണത്തിന്റെ പേരിലുള്ള സാംസ്കാരികാധിനിവേശത്തിന്റേതാണ്. ലഹരി, ലോട്ടറി, പലിശ, സൗന്ദര്യ പ്രകടനം, സ്വതന്ത്ര ലൈംഗികത തുടങ്ങിയ മാർക്കറ്റിനെ സ്നിഗ്ധമാക്കാൻ സാമ്രാജ്യത്വമുപയോഗിക്കുന്ന സകലതിനുമെതിരാണ് ഇസ്‌ലാം. ഇവയുപയോഗിച്ച് ഉപഭോക്താവിനെ ചൂഷണം ചെയ്താണ് സ്വതന്ത്ര വിപണി നിലനിൽക്കുന്നതുതന്നെ. ഇവയുടെയെല്ലാം നേരെ ഇസ്‌ലാം പുറംതിരിഞ്ഞു നിൽക്കുന്നു. അതുകൊണ്ടുതന്നെ ഇസ്‌ലാമിനെയും അതിന്റെ പ്രവാചകനെയും സെക്യുലരിസത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും ആളുകൾക്ക് വെറുപ്പാണ്. ചൂഷണങ്ങളെക്കുറിച്ചറിയാതെ അവർ നിർമിക്കുന്ന വലയിൽ വീഴാനൊരുങ്ങുന്നവരെ രക്ഷിക്കാൻ ഇന്നുള്ളത് ഇസ്‌ലാമികാദർശം മാത്രമാണെന്ന് അവർക്കറിയാം" (നിച്ച് ഓഫ് ട്രൂത്ത് ഡയറക്ടർ എം.എം അക്ബറിന്റെ 'മുഹമ്മദ് നബിയെ അറിയുക; നബി നിന്ദകരെയും' എന്ന പുസ്തകം, പേജ് 42,43).*

*സെക്യുലരിസത്തെയും സാമ്രാജ്യത്വത്തെയും കുറിച്ച് മേൽ വിശകലനത്തെക്കുറിച്ച് മുജീബിന്റെ പ്രതികരണം?*

***പി.ഇ ഷാജഹാൻ തൊടുപുഴ***

**നോ** കമന്റ്. ■